നം.എച്ച്2/29303/2013

**പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ**
**കാര്യാലയം, തിരുവനന്തപുരം**
**തീയതി : 05.05.2014**

പ്രേഷിതൻ

പൊതുവിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ്

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
3. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

സർ,

വിഷയം :- **പൊതുവിദ്യാഭ്യാസം - സ്കൂളുകളിലെ തസ്തിക നിർണയം 2013-14 സംബന്ധിച്ച്.**

സൂചന :-
1. 01.10.2011 ലെ ജി.ഒ.(പി) നമ്പർ 199/2011/പൊ.വി.വ.
2. 29.11.2013 ലെ ജി.ഒ.(പി) നമ്പർ 313/2013/പൊ.വി.വ.
3. ഈ ഓഫീസിൽ നിന്നുള്ള 05.03.2014 ലെ സർക്കുലർ നമ്പർ എച്ച്2/29303/13/ഡി.പി.ഐ
4. ഈ ഓഫീസിൽ നിന്നുള്ള 19.03.2014 ലെ കത്ത് നമ്പർ എച്ച്2/29303/13/ഡി.പി.ഐ
5. 03.05.2014 ലെ സർക്കാർ കത്ത് നമ്പർ 23279/ജെ2/14/പൊ.വി.വ.

സംസ്ഥാനത്തെ സ്കൂളുകളിലെ 2013-14 വർഷത്തെ തസ്തിക നിർണയം സംബന്ധിച്ച് താഴെപ്പറയുന്ന നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു :

1. സൂചനയിലെ ഉത്തരവ്/സർക്കുലർ/കത്ത് എന്നിവയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ 2013-14 വർഷത്തെ തസ്തിക നിർണയ ഉത്തരവുകൾ നിയമാനുസൃതം പ്രസിദ്ധീകരിക്കാവുന്നതാണ്. ഉത്തരവ് പുറപ്പെടുവിക്കുന്നതുമായി ബന്ധപ്പെട്ട് കോടതി വിധിന്യായങ്ങൾ ഏതെങ്കിലും തടസ്സമാകുന്നുണ്ടോ എന്ന കാര്യം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വിശദമായി പരിശോധിച്ചതിനുശേഷം മാത്രമേ തസ്തിക നിർണയ ഉത്തരവുകൾ പുറപ്പെടുവിക്കാവൂ. തസ്തിക നിർണയ ഉത്തരവിന്റെ പുതുക്കിയ മാതൃക ഇതോടൊപ്പം ഉൾക്കൊള്ളിക്കുന്നു.

2. അനുവദിക്കുന്ന തസ്തികകളിൽ യാതൊരുവിധ പിശകുകളും കടന്നുകൂടാൻ ഇടയാകാത്ത വിധം സമഗ്രമായ പരിശോധന ഓരോ തലത്തിലും നടത്തി വേണം തസ്തിക നിർണയ ഉത്തരവുകൾ പ്രസിദ്ധീകരിക്കേണ്ടത്.

3. 2013-14 ലെ തസ്തിക നിർണയ ഫയലുകളുടെ പരിശോധന ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും വിദ്യാഭ്യാസ ഉപഡയറക്ടർമാരും മെയ് 31 നുമുമ്പ് പൂർത്തിയാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

4. അധിക ഡിവിഷനുകൾക്കും തസ്തികകൾക്കും അർഹതയുള്ള സ്കൂളുകളുടെ വിശദാംശങ്ങൾ വിദ്യാഭ്യാസ ഉപഡയറക്ടർമാർ ക്രോഡീകരിച്ച് 2014 മെയ് 15 നകം ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്. ബന്ധപ്പെട്ട സ്കൂളുകളുടെ തസ്തിക നിർണയ ഉത്തരവിന്റെ (2013-14) വ്യക്തതയുള്ള ഓരോ പകർപ്പ് കൂടി ഇതിനോടൊപ്പം നൽകേണ്ടതാണ്. (മാതൃകാ ഫോറം ഉൾക്കൊള്ളിക്കുന്നു).

വിശ്വസ്തതയോടെ,

**കെ. ഗോപാലകൃഷ്ണ ഭട്ട്, ഐ.എ.എസ്.**
**പൊതുവിദ്യാഭ്യാസ ഡയറക്ടർ**